പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3281

08-11-2019-ൽ മറുപടിക്ക്

## കാർഷിക കർമ്മസേനകൾക്ക് കാർഷികയന്ത്രങ്ങൾ

**ചോദ്യം**

ശ്രീ. കെ. ആൻസലൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിലെ കൃഷിഭവൻ വഴി 2019-20 വർഷത്തിൽ കാർഷിക കർമ്മസേനകൾക്ക് പുതിയ കാർഷികയന്ത്രങ്ങൾ വിതരണം നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണത്തിനെന്നുള്ള വിശദാംശം നൽകുമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ കാർഷിക കർമ്മ സേനകൾക്ക് കൃഷി ഭവൻ വഴി 2019 -20 സാമ്പത്തിക വർഷം പുതിയ കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല. |
| (ബി) | കാർഷിക കർമ്മസേനകൾക്ക് നൽകിയിട്ടുള്ള കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റ പ്രവൃത്തികൾക്ക് ഫണ്ട് നൽകുന്നത് കൃഷി വകുപ്പ് ആണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇപ്രകാരം അറ്റകുറ്റപ്പണികൾക്ക് എത്ര ഫണ്ടാണ് നൽകുന്നതെന്ന് വെളിപ്പെടുത്താമോ? | (ബി) | കാർഷിക കർമ്മ സേനകൾക്ക് നൽകിയിട്ടുള്ള കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റ പണികൾക്ക് കാർഷിക യന്ത്ര പ്രവർത്തനങ്ങളിൽ നിന്ന് സ്വരൂപിക്കുന്ന വരുമാനത്തിൽ നിന്നും (സർവ്വീസ് ചാർജ്ജിനത്തിൽ ലഭിക്കുന്ന തുകയിൽ നിന്ന്) ആണ് ഫണ്ട് കണ്ടെത്തേണ്ടത്. നിലവിൽ കർമ്മ സേനകൾക്ക് കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റ പണികൾക്കായി കൃഷി വകുപ്പിൽ നിന്നും പ്രത്യേക ഫണ്ട് നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ